പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1666 11/02/2013-ലെ മറുപടിയ്ക്ക്

രാഷ്ട്രീയ കൃഷി വികാസ് യോജന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.എ. വാഹിദ്<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>ശ്രീ.സി.പി. മുഹമ്മദ് | ശ്രീ.കെ.പി. മോഹനൻ<br>കൃഷിയും മൃഗ സംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) കാർഷിക അനുബന്ധ മേഖലകളിൽ 4% വളർച്ചാ നിരക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. കാർഷിക അനുബന്ധ മേഖലകളിലെ പൊതുമൂലധനനിക്ഷേപം വർദ്ധിപ്പിക്കുക<br>2. സംസ്ഥാന കാർഷിക പദ്ധതികളിൽ പ്രാദേശിക ആവശ്യകത/വിള/മുൻഗണനകൾ എന്നിവ ഫലപ്രദമായി പ്രതിഫലിക്കുന്നത് ഉറപ്പുവരുത്തുക.<br>3. പ്രധാന വിളകളുടെ ഉല്പാദനക്കുറവ് പരിഹരിക്കുന്നതിന് വേണ്ടിയുള്ള ലക്ഷ്യം കൈവരിക്കൽ<br>4. കാർഷിക അനുബന്ധ മേഖലകളിലെ കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുക<br>5. കാർഷിക അനുബന്ധ മേഖലകളിലെ ഉൽപാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവ് ഉറപ്പുവരുത്തുക<br>6. ജില്ലാ കാർഷിക പദ്ധതിയും സംസ്ഥാന കാർഷിക പദ്ധതിയും പ്രകൃതിവിഭവങ്ങളുടെയും സാങ്കേതിക വിദ്യയുടെയും ലഭ്യതയ്ക്ക് അനുസൃതമായി തയ്യാറാക്കുക. |

| | |
|---|---|
| ബി) പ്രസ്തുത പദ്ധതിയനുസരിച്ചുള്ള സബ്സിഡി വഴി ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതി അനുസരിച്ചുള്ള സബ്സിഡി ജനശ്രീ മിഷന് ഇതുവരെയും നൽകിയിട്ടില്ല. |
| സി.) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി നടത്തിപ്പിനായി നൽകാനുദ്ദേശിക്കുന്നത്? | (സി) ഓരോ ജില്ലയിലും മൂന്ന് ജൈവശ്രീ ബസാറുകൾ വീതം തുടങ്ങുന്നതിന് 2 ലക്ഷം രൂപ വീതം സബ്സിഡി ഇനത്തിൽ അനുവദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ